**പതിനാലാം കേരള നിയമസഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2274** **16.08.2017 -ൽ മറുപടിയ്ക്ക്**

പാപനാശം കടൽത്തീരത്തെ കുന്നുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ജോയി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വർക്കലയിലെ പാപനാശം കടൽത്തീരത്തെ കുന്നുകൾ ഇടിഞ്ഞു പോകാതിരിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | നിലവിൽ ടൂറിസം വകുപ്പ് പദ്ധതികളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല. |
| (ബി) | വർക്കലയിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ബി) | വർക്കലയിലെ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണം നടന്നു വരുന്നു.<br>1) വർക്കല ബീച്ചിലെ വിവിധ പ്രോജക്ടുകൾക്കായി 32,08,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.<br>2) വർക്കല ബീച്ചിലെ നിലവിലെ പേ & യൂസ് കംഫർട്ട് സ്റ്റേഷൻ നവീകരണം നിലവിലെ കോൺക്രീറ്റ് റോഡിന്റെ റിപ്പയറിങ്ങ് ജോലി, ബീച്ചിലേക്കുള്ള ഡ്രെയിനേജിലെ മുകൾ ഭാഗത്ത് സ്ലാബ് നിർമ്മിക്കുക എന്നീ പ്രവർത്തികൾക്കായി 8,77,330/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്.<br>3) വർക്കല പാപനാശം ബീച്ചിലെ ഇലക്ട്രിഫിക്കേഷൻ വർക്കിനായി 29,04,315/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ജോലികൾ അന്തിമഘട്ടത്തിലാണ്.<br>4) വർക്കലയിലെ കാപ്പിൽ ബീച്ചിലും, ബോട്ട് ക്ലബ്ബിലും വൈദ്യുതീകരണ പ്രവർത്തികൾ ക്കായി 30,00,436/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ